കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- മെഡിക്കൽ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 2589/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 09/10/2018.

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 20.08.2018 ലെ ഇ 5-18059/2011 നമ്പർ കത്ത്.
2. ജി.ഒ (ആർ.റ്റി) 2326/2018/തസ്വഭവ തീയതി 30.08.2018
3. നഗരകാര്യ ഡയറക്ടറുടെ 14.09.2018 ലെ ഇ 5-19372/2018 നമ്പർ കത്ത്.

## ഉത്തരവ്

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുടെ ഏകോപനത്തിനായി നഗരസഭകളിൽ ഒഴിവുള്ള ഹെൽത്ത് ഓഫീസർ ഗ്രേഡ്-2 /മെഡിക്കൽ ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അലോപ്പതി മെഡിക്കൽ ഓഫീസർമാരെ നിയമിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത തസ്തികകളിൽ കാരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു.

ആയത് പ്രകാരം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി കമ്മിറ്റി രൂപീകരിച്ച് അപേക്ഷ കാണിച്ച് പരസ്യം നൽകി 14.09.2018 തീയതിയിൽ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ ചുവടെ ചേർക്കുന്ന പേര് വിവരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കുകയും ഇവർക്ക് നിയമനം നൽകുന്നതിന് അനുമതിയ്ക്കായി അഭ്യർത്ഥിക്കുയും ചെയ്തു.

| ക്രമനം | ഉദ്യോഗാർത്ഥിയുടെ പേര് | നിയമനം നൽകാവുന്ന നഗരസഭ |
|---|---|---|
| 1 | ഡോ.സജിന. ഇസഡ്. | ആലപ്പുഴ |
| 2 | ഡോ.സുമിത മായസനിൽ | കൊച്ചി |
| 3 | ഡോ.ജിഷ.ജെ.എസ് | കോട്ടയം |
| 4 | ഡോ.മുഹ് സിന മറിയം | കോഴിക്കോട് |
| 5 | ഡോ.ദർശന സുരേഷ് കുമാർ | കൊല്ലം |
| 6 | ഡോ.വിശാഖ്.ആർ | ചങ്ങനാശ്ശേരി |
| 7 | ഡോ.അമൃത.ആർ.നായർ | തിരുവനന്തപുരം |
| 8 | ഡോ.ഹാറൂൺ അൻസാരി | പാലക്കാട് |
| 9 | ഡോ.മുഹമ്മദ് നൗഫൽ.എൻ. | തലശ്ശേരി |
| 10 | ഡോ.മുഹമ്മദ് അഫ് സൽ.വൈ | കണ്ണൂർ |
| 11 | ഡോ. നീന.റ്റി.പി | തൃശ്ശൂർ |

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമനത്തിന് അർഹരായി തെരഞ്ഞെടുക്കപ്പെട്ട മേൽ ഉദ്യോഗാർത്ഥികളെ കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസറുടെ കീഴിൽ 7 ദിവസത്തെ പരിശീലനത്തിന് ശേഷം ബന്ധപ്പെട്ട നഗരസഭകളിൽ ചുവടെ ചേർക്കുന്ന

വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമനം ഒരുവർഷത്തേക്കു കരാർ വ്യവസ്ഥയിൽ ആയിരിക്കും
2. പി.എസ്.സി യിൽ നിന്നും ടി തസ്തികയിലേയ്ക്ക് പുതിയ നിയമനം നടത്തുമ്പോഴോ, ഈ ജീവനക്കാർ ഒരുവർഷം പൂർത്തിയാക്കുമ്പോഴോ ഏതാണോ ആദ്യം അപ്പോൾ ടി കരാർ അവസാനിക്കുന്നതാണ്.
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എൻ.ആർ എച്ച് എം സ്കീം പ്രകാരം നിയമിക്കുന്ന ഡോക്ടർമാർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പ് നൽകുന്ന വേതനത്തിന് തുല്യമായ തുക നിയമനം ലഭിക്കുന്നവർക്ക് ലഭിക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**